## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4471** **06-03-2023 - ൽ മറുപടിയ്ക്ക്**

## വൈദ്യുത നിരക്ക് വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അടുത്ത നാല് വർഷം വൈദ്യുത നിരക്ക് വർദ്ധിപ്പിക്കുന്നതിനായി വൈദ്യുത ബോർഡ് റഗുലേറ്ററി കമ്മീഷന് മുമ്പാകെ നിർദേശം വച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) | വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 08.02.2023-ൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നിർദേശം നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45, 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021-ലെ 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത്.<br><br>കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവ് ചെലവ് കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ് റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നത്. വൈദ്യുതിനിയമം 2003, ദേശീയതാരിഫ് നയം, 2016, കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തിയാണ് വരവ് ചെലവ് കണക്കുകൾ നിർണ്ണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത്. വൈദ്യുതി ഉൽപാദന - വാങ്ങൽ ചെലവുകൾ, ജീവനക്കാരുടെ വേതന ചെലവുകൾ, പലിശ ചെലവുകൾ എന്നിവയാണ് പ്രധാന ചിലവിനങ്ങൾ. താരിഫ് പെറ്റീഷനുകൾ സമർപ്പിച്ചാൽ വിശദമായ പരിശോധനയ്ക്കും, സംസ്ഥാനത്തെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വച്ച് പൊതുജനങ്ങളെയും ഉപഭോക്താക്കളെയും പങ്കെടുപ്പിച്ച് വിശദമായ തെളിവെടുപ്പിനും ശേഷം മാത്രമേ കമ്മീഷൻ |

| | | | |
|---|---|---|---|
| | | | തീരുമാനമെടുക്കുകയുള്ളൂ. ഇത് സംബന്ധിച്ച് കമ്മീഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല. |
| (സി) | എത്ര ശതമാനം വർദ്ധന വരുത്താനാണ് വൈദ്യുത ബോർഡ് നിർദേശിച്ചത് എന്ന് വിശദമാക്കുമോ? | (സി) | 08.02.2023-ൽ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച താരിഫ് പെറ്റിഷൻ പ്രകാരം ശിപാർശചെയ്തിട്ടുള്ളവർദ്ധനവിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച താരിഫ് പെറ്റിഷൻ പ്രകാരം ശുപാർശചെയ്തിട്ടുള്ളവർദ്ധനവിന്റെ വിശദാംശങ്ങൾ**

| വർഷം | അധിക വരുമാനം (കോടി രൂപ) | വർദ്ധനവ് (%) |
|---|---|---|
| 2023-24 (Proposal) | 1044.43 | 6.19 |
| 2024-25 (Proposal) | 834.17 | 4.50 |
| 2025-26 (Proposal) | 472.64 | 2.36 |
| 2026-27 (Proposal) | 29.80 | 0.14 |

സെക്ഷൻ ഓഫീസർ